## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1181** **02.05.2017 ൽ മറുപടിയ്ക്ക്**

## നാളികേരകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് 2016 ഏപ്രിൽ മുതൽ നാളിതുവരെ എത്ര ടൺ പച്ചത്തേങ്ങ കയറ്റുമതി ചെയ്തു; ഏറ്റവും കൂടുതൽ പച്ചത്തേങ്ങ കയറ്റുമതി ചെയ്യുന്നത് ഏത് രാജ്യത്തേക്കാണ് ; മറ്റ് ഏതെല്ലാം കാർഷിക ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നു; | (എ) | 2016 ഏപ്രിൽ മുതൽ നവംബർ വരെ 68978.37 മെട്രിക് ടൺ പച്ചത്തേങ്ങ ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുകയുണ്ടായി. 2016-17 സാമ്പത്തിക വർഷത്തിൽ കൊച്ചി തുറമുഖം വഴി കയറ്റുമതി ചെയ്തത് 30422.49 മെട്രിക് ടൺ ആണ്.<br>പച്ചത്തേങ്ങ പ്രധാനമായി കയറ്റുമതി ചെയ്യുന്നത് ചൈന, യു.എ.ഇ. ഇറാൻ, യു.കെ. ഡൊമിനിക്കൻ റിപ്പബ്ലിക്ക്, ഒമാൻ, ബഹറിൻ , കുവൈറ്റ്, ഖത്തർ തുടങ്ങിയ രാജ്യങ്ങളിലേയ്ക്കാണ്.<br>പഴം (വാഴപ്പഴം) പച്ചക്കറികൾ, സുഗന്ധ വ്യഞ്ജനങ്ങൾ തുടങ്ങിയവയാണ് കയറ്റുമതി ചെയ്യുന്ന മറ്റ് കാർഷിക ഉൽപ്പന്നങ്ങൾ |
| (ബി) | സംസ്ഥാനത്ത് നാളികേര ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നുണ്ടോ; ഏതെല്ലാം ഉൽപ്പന്നങ്ങളാണ് ഇറക്കുമതി ചെയ്യുന്നത്; എത്ര തുകയ്ക്ക് ഇറക്കുമതി ചെയ്തു; മുൻ വർഷം ഇതേ കാലയളവിലെ കണക്കുമായി താരതമ്യം ചെയ്തിട്ടുണ്ടോ; വിശദമായ വിവരം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. 2016 ഏപ്രിൽ മുതൽ നവംബർ വരെയുള്ള കാലയളവിൽ 291.15 കോടി രൂപയുടെ നാളികേര ഉൽപ്പന്നങ്ങൾ രാജ്യത്ത് ഇറക്കുമതി ചെയ്തിട്ടുണ്ട്. 2015-ൽ ഇതേ കാലയളവിൽ 261.38 കോടി രൂപയുടെ ഉല്പന്നങ്ങളാണ് ഇറക്കുമതി ചെയ്തിരുന്നത്. കൊപ്ര എക്സ്പെല്ലർ കേക്ക്, ( തേങ്ങാ പിണ്ണാക്ക്), കോക്കനട്ട് ഫാറ്റി ആസിഡ് എന്നീ ഉല്പന്നങ്ങളാണ് പ്രാധാനമായും ( ഏകദേശം 90%ത്തോളം ) ഇറക്കുമതി ചെയ്യുന്നത്. |
| (സി) | സംസ്ഥാനത്ത് നാളികേരകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട്; വിശദമാക്കുമോ? | (സി) | സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ടു 2017-18 വർഷവും കേരഗ്രാമം പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 250 ഹെക്ടർവീതം കേരകൃഷി |

വിസ്തൃതിയുള്ള പുതിയ 44 കേരഗ്രാമങ്ങൾ രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. 3332.50 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ ഈ കൊല്ലം പദ്ധതിയ്ക്കായി നീക്കി വച്ചിരിക്കുന്നത്.

അത്യുൽപ്പാദനശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പുതിയ പദ്ധതികൾ രൂപപ്പെടുത്തി വരുന്നു. അതിനായി 567.50 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ ബഡ്ജറ്റ് വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്ര വുമായി സഹകരിച്ച് നാളികേരവികസന പദ്ധതികൾക്കായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തെങ്ങുകളെ ബാധിക്കുന്ന കീടരോഗബാധകൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ഒരു ക്യാംമ്പയിൻ അടിസ്ഥാനത്തിൽ അവലംബിക്കുന്നതിനായി പദ്ധതികൾ പ്രോജക്ട് അടിസ്ഥാനത്തിൽ അവലംബിക്കുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് 300 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ